(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) എടുത്തിട്ടില്ല.

(ബി - ഡി) ബാധകമല്ല.

പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി

25 (*235) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ ഘടനാപരമായമാറ്റം പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ആരോഗ്യമേഖലയിൽ ഏതൊക്കെരംഗത്താണ് പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി) ഉദ്ദേശിക്കുന്നത് ; ഇത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ ;

(സി) സേവനത്തിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ഫീസ് ഈടാക്കണമെന്ന നിർദ്ദേശം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും മറ്റുപാവപ്പെട്ടവരേയും എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കാത്ത വിധം കേന്ദ്ര സഹായത്തോടെയും അല്ലാതെയും പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ആരോഗ്യമേഖലയിൽ ഘടനാപരമായ മാറ്റം വരുത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കായി ആരോഗ്യമേഖലയിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല മുൻ വൈസ് ചാൻസലറായിരുന്ന ഡോ. കെ. മോഹൻദാസ് അദ്ധ്യക്ഷനായും ആരോഗ്യവകുപ്പ് സെക്രട്ടറി ഉൾപ്പെടെ 11 അംഗ മെമ്പർമാരും ഉൾപ്പെട്ട ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും പന്ത്രണ്ടാം പദ്ധതിക്കാലത്ത് അനുവർത്തിക്കേണ്ട തന്ത്രങ്ങളെപ്പറ്റിയും ഒരു റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്.

(ബി) ആരോഗ്യമേഖലയിൽ പൊതു-സ്വാകര്യ പങ്കാളിത്തം (പി.പി.പി) നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(സി) സേവനത്തിന്റെ ഗുണനിലവാരം അനുസരിച്ച് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) പ്രാഥമിക ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലില്ല. എൻ.എച്ച്.എം മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽനിന്നും തുക വകയിരുത്തിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്.

കുപ്പിവെള്ളത്തിന്റെ നിലവാരനിർണ്ണയം

26 (*236) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വിൽക്കുന്ന കുപ്പി വെള്ളവും സോഡയും 2001-ലെ Food

LIBRARY ARCHIVES Kerala Legislative Assembly